18082
16/8/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല — കടനാട് ഗ്രാമപഞ്ചായത്ത് മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.ജെ. അലക്സാണ്ടറിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2707/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 04.08.2017

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.10.2012-ലെ ഇ 5-(എസ് സി 16/2011/ഇആർകെ)3066/2011 നമ്പർ കത്ത്

2. സ.ഉ.(സാധാ) നം.802/2015/തസ്വഭവ തീയതി 19.03.2015
3. സർക്കാരിന്റെ 04.05.2015-ലെ 75986/ഇപിബി2/2012/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. കടനാട് ഗ്രാമപഞ്ചായത്ത് മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.ജെ. അലക്സാണ്ടർ സമർപ്പിച്ച 05.11.2016-ലെ എതിർവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 19.11.2014, 02.02.2017 എന്നീ തീയികളിലെ ഡി5-14952/2013 നമ്പർ കത്ത്

**ഉത്തരവ്**

സ്റ്റീൽ ഫർണിച്ചർ മാനുഫാക്ചറിംഗ് യൂണിറ്റിന് നിയമവിരുദ്ധമായി ലൈസൻസ് നല്കിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ കടനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. പി.പി. ശശിധരൻ നായർ, ശ്രീ. വി. സുനിൽ, മുൻ ക്ലാർക്ക് ശ്രീ. കെ.ജെ. അലക്സാണ്ടർ എന്നിവർക്ക് പരാമർശം (1) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടികൾ ആരംഭിക്കുകയും ശ്രീ. ശശിധരൻ നായർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും ശ്രീ. സുനിലിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി സെൻഷർ നല്കിക്കൊണ്ടും പരാമർശം (2) പ്രകാരം തീർപ്പാക്കിയിരുന്നു.

ശ്രീ. അലക്സാണ്ടർ സേവനത്തിൽനിന്ന് വിരമിച്ചതിനാൽ ടിയാനെതിരെ കെ.എസ്.ആർ. പ്രകാരം നടപടികൾ തുടരുന്നതിനായി ടിയന്റെ പ്രതിമാസ പെൻഷനിൽനിന്ന് 200/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവു വരുത്തുന്നതിന് താല്ക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ശ്രീ. അലക്സാണ്ടർ നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. ശശിധരൻ നായർ ലൈസൻസ് നല്കിയത് എന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു ടിയാന് കാരണം കാണിക്കൽ നോട്ടീസ് നല്കിയത്.

ടി കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. അലക്സാണ്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ച മറുപടിയിൽ, ഇത്തരത്തിൽ ഒരു പരിശോധന നടത്തുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ്

ശ്രദ്ധിക്കേണ്ടത് എന്നതിനെപ്പറ്റി തനിക്ക് അറിവില്ലായിരുന്നുവെന്നും താൻ ഏഴാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള ആളാണെന്നും സ്വീപ്പർ ആയി സേവനത്തിൽക്കയറി പ്യൂൺ തസ്തികയിൽ 5 വർഷം 100% നികുതി പിരിവ് നടത്തിയതിലെ മികച്ച സേവനം പരിഗണിച്ച് പ്രൊമോഷൻ ലഭിച്ചാണ് താൻ ക്ലാർക്ക് തസ്തികയിലെത്തിയതെന്നും ടി സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും തന്റെ അറിവില്ലായ്മമൂലം എന്തെങ്കിലും പിഴവ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് മാപ്പാക്കണമെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ സമർപ്പിച്ച മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, ശ്രീ. അലക്സാണ്ടറിനെതിരെ മറ്റുതരത്തിലുള്ള അച്ചടക്ക നടപടികളൊന്നും നിലവിലില്ലെന്നും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽനിന്ന് പ്രൊമോഷൻ നേടി ക്ലാർക്ക് തസ്തികയിൽനിന്ന് വിരമിച്ച ടിയാന്റെ മികച്ച സേവനം കണക്കിലെടുത്ത് ടിയാന് ലഘുശിക്ഷ നല്കി നടപടി തീർപ്പാക്കണമെന്നുമാണ് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളത്.

സർക്കാർ ഇക്കാര്യം ശ്രീ. കെ.ജെ. അലക്സാണ്ടർ സമർപ്പിച്ച മറുപടിയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്യൂൺ തസ്തികയിലിരുന്ന് തുടർച്ചയായി 5 വർഷം 100% നികുതി പിരിച്ചതിനുള്ള പ്രതിഫലമായാണ് ശ്രീ. അലക്സാണ്ടറിനു പ്രൊമോഷൻ നല്കിയിട്ടുള്ളതെന്ന് കാണുന്നു. സ്ഥലപരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ടിയാന് വ്യക്തമായ ധാരണയില്ലായിരുന്നുവെന്നും ടിയാന് മാർഗ്ഗനിർദ്ദേശം നല്കാൻ വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ലായിരുന്നുവെന്നും ടിയാൻ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്. ടിയാനെതിരെ മറ്റു തരത്തിലുള്ള അച്ചടക്ക നടപടികളൊന്നുംതന്നെ നിലവിലില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോട്ടയം ജില്ല, കടനാട് ഗ്രാമപഞ്ചായത്ത് മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.ജെ. അലക്സാണ്ടറിന്റെ പെൻഷനിൽ നിന്നും പ്രതിമാസം 200/- രൂപ വീതം ഒരു വർഷത്തേയ്ക്ക് തടഞ്ഞുവയ്ക്കുന്നതിന് തുടങ്ങിവച്ച നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി തുടർനടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ.ജെ. അലക്സാണ്ടർ, മുൻ എൽ.ഡി. ക്ലാർക്ക്, കടനാട് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.ഇ-1350303/ഡി4/2017/വിജി. തീയതി 20.05.2017 പ്രകാരം)
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.75986/ഇപിബി2/2012/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ